**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*585** — **28.10.2016 ൽ മറുപടിയ്ക്ക്**

## നാളികേര കർഷകർക്ക് ന്യായവില നൽകൽ

**ചോദ്യം**

ശ്രീ. എം. സ്വരാജ്
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
ശ്രീ. പി.ടി.എ റഹീം
ശ്രീ. എം.രാജഗോപാലൻ

**ഉത്തരം**

ശ്രീ. വി.എസ്.സുനിൽ കുമാർ
(ബഹു.കൃഷി വകുപ്പ് മന്ത്രി)

(എ) ഉപഭോക്താക്കൾ വെളിച്ചെണ്ണക്ക് ഉയർന്ന വില നൽകേണ്ടി വരുന്ന സാഹചര്യത്തിൽ തന്നെ നാളികേര കർഷകർക്ക് ന്യായവില ലഭിക്കാതെ പോകുന്നതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(എ) നാളികേര കർഷകർക്ക് ന്യായവില ലഭിക്കുന്നുണ്ട്. മാർക്കറ്റ് വിലയേക്കാൾ ഉയർന്ന നിരക്കിലുള്ള താങ്ങുവിലയായ കിലോയ്ക്ക് 25 രൂപ നൽകിയാണ് കൃഷി ഭവനുകൾ വഴി പച്ചത്തേങ്ങ സംഭരിക്കുന്നത്.

ബി) നാളികേര കർഷകന് ആശ്വാസം നൽകുന്നതിനായി കേരഫെഡിന്റെ പ്രവർത്തനം എത്ര മാത്രം ഫലപ്രദമായിട്ടുണ്ട്; സംഭരിക്കുന്ന നാളികേരത്തിന്റെ വില വളരെക്കാലമായി കുടിശ്ശികയാക്കിയിരിക്കുന്നത് കർഷകരെ ബുദ്ധിമുട്ടിലാക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) മാർക്കറ്റ് വിലയേക്കാൾ ഉയർന്ന നിരക്കിലുള്ള താങ്ങുവില നൽകി കൃഷി ഭവനുകൾ വഴി പച്ചത്തേങ്ങ സംഭരിക്കുന്നത് കർഷകന് ആശ്വാസം നൽകുന്നു. സംഭരിക്കുന്ന നാളികേരത്തിന്റെ വില കുടിശ്ശികയായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംഭരിച്ച തേങ്ങയുടെ വില നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും സൗകര്യപ്രദവും കുറ്റമറ്റതും കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന രീതിയിലും സംഭരണം നടത്തുന്നതിന്റെ പ്രായോഗികത പരിശോധിച്ച് യുക്തി സഹമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ കൃഷി വകുപ്പ് ഡയറക്ടർ, കേരഫെഡ് മാനേജിംഗ് ഡയറക്ടർ, മാർക്കറ്റ് ഫെഡ് മാനേജിംഗ് ഡയറക്ടർ, നാഫെഡ് ബ്രാഞ്ച് മാനേജർ എന്നിവർ അടങ്ങിയ ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വെളിച്ചെണ്ണ വിപണിയിൽ കേരഫെഡിന്റെ സാന്നിദ്ധ്യം പരിമിതപ്പെട്ടു പോകാനുള്ള കാരണമെന്താണെന്ന് വിശകലനം ചെയ്തിട്ടുണ്ടോ; ഈ സ്ഥാപനത്തെ കർഷകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനപ്രദമാക്കുന്ന രീതിയിൽ ഉടച്ചു വാർക്കാൻ നടപടിയെടുക്കുമോ?

(സി) സംസ്ഥാനത്തെ വെളിച്ചെണ്ണ വിപണിയിലെ കേരഫെഡിന്റെ മാർക്കറ്റ് ഷെയർ വളരെ പരിമിതമാണ്. എന്നാൽ ശുദ്ധമായതും മായമില്ലാത്തതുമായ വെളിച്ചെണ്ണ വിപണിയിലിറക്കുന്ന കേരഫെഡിന്റെ സാന്നിദ്ധ്യം ഇപ്പോഴും സജീവമാണ്. പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ